24331
23/12/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-30/11/2017-ലെ ഓഖി ചുഴലിക്കൊടുങ്കാറ്റ്- ദുരിതബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അടിയന്തിര ആശ്വാസ ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം. 5548/2017/റവ തിരുവനന്തപുരം തീയതി. 22.12.2017

പരാമർശം- 1) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22.12.2017 ലെ എച്ച് 1 -55779/2017 നമ്പർ കത്ത്.
2) 22.12.2017 ലെ റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കുറിപ്പ്

## ഉത്തരവ്

30/11/2017-ൽ ഉണ്ടായ ഓഖി ചുഴലിക്കൊടുങ്കാറ്റിലെ ദുരിതബാധിതർക്ക് അടിയന്തിര ആശ്വാസ ധനസഹായവും, ഭക്ഷ്യ സാമഗ്രികളുടെ കിറ്റും വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് താഴെ പറയുന്ന വിധം തുക അനുവദിച്ച് ഉത്തരവാകുന്നു.

2. ദുരന്തത്തിൽ മരണമടഞ്ഞവർ/കാണാതായവർ/ഗുരുതര പരിക്കേറ്റവർ എന്നീ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിയന്തിര ആശ്വാസ ധനസഹായമായി 10,000(പതിനായിരം) രൂപ വീതവും ഭക്ഷ്യ സാമഗ്രികളുടെ കിറ്റും വിതരണം ചെയ്യുന്നതിന് പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു..

3. അർഹതപ്പെട്ട 215 പേരുടെ കുടുംബങ്ങൾക്ക് പരാമർശം 2 പ്രകാരം 21,50,000 (ഇരുപത്തൊന്ന് ലക്ഷത്തി അമ്പതിനായിരം) രൂപയും (215*10,000) ഭക്ഷ്യ സാമഗ്രികളുടെ കിറ്റിനായി 4,60,100(നാല്പ ലക്ഷത്തി അറുപതിനായിരത്തി ഒരുന്നൂറ്) രൂപയും (215*2140) വിതരണം ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 212 പേർക്കായി 25,73,680(ഇരുപത്തഞ്ച് ലക്ഷത്തി എഴുപത്തി മൂന്നായിരത്തി അറുന്നൂറ്റി

എൺപത്) രൂപയും എറണാകുളം ജില്ലാ കളക്ടർക്ക് 2 പേർക്കായി 24,280(ഇരുത്തി നാലായിരത്തി ഇരുനൂറ്റി എൺപത്) രൂപയും, കാസറഗോഡ് ജില്ലാ കളക്ടർക്ക് ഒരാൾക്കായി 12,140(പന്ത്രണ്ടായിരത്തി ഒരുനൂറ്റിനാൽപ്പത്) രൂപയും 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ദുരിതബാധിതർക്ക് അടിയന്തിര ആശ്വാസ ധനസഹായമായി ഇതിനകം 10,000(പതിനായിരം) രൂപ അനുവദിച്ചിട്ടുണ്ടെങ്കിൽ വീണ്ടും അനുവദിക്കേണ്ടതില്ല. മേൽ പറഞ്ഞ അടിയന്തിര സഹായം വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ബി.എസ്.പാവനകുമാരി
സ്പെഷ്യൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
ജില്ലാ കളക്ടർ, തിരുവന്തപുരം; ജില്ലാ കളക്ടർ, എറണാകുളം; ജില്ലാ കളക്ടർ കാസറഗോഡ്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഫിഷറീസ് വകുപ്പ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
ദുരന്ത നിവാരണ വകുപ്പ്
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ